## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1452** — 03-12-2018 -ൽ മറുപടിക്ക്

### പ്രളയം മൂലമുള്ള നാശനഷ്ടങ്ങളുടെ യഥാർത്ഥ കണക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അടൂർ പ്രകാശ്**<br>**ശ്രീ. കെ.സി.ജോസഫ്**<br>**ശ്രീ. വി.ഡി.സതീശൻ**<br>**ശ്രീ. അനിൽ അക്കര** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | 2018 - ലെ പ്രളയത്തിൽ സംസ്ഥാനത്തിന് ഉണ്ടായ നഷ്ടത്തിന്റെ കണക്ക് തയ്യാറാക്കിയിട്ടുണ്ടോ; | എ) | ഉണ്ട്. ഐക്യരാഷ്ട്ര സഭയുടെ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസ്സസ്മെന്റ് (PDNA) റിപ്പോർട്ട് പ്രകാരം 26,718 കോടി രൂപയുടെ നാശനഷ്ടമാണ് സംസ്ഥാനത്ത് ഉണ്ടായിട്ടുള്ളത്. |
| ബി) | പ്രളയം മൂലമുണ്ടായ നാശനഷ്ടം സംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് സമർപ്പിച്ച നിവേദനത്തിലെ കണക്കും ഇത് സംബന്ധിച്ച് ലോക ബാങ്ക്, എ.ഡി.ബി തുടങ്ങിയ അന്താരാഷ്ട്ര ഏജൻസികൾ നടത്തിയ പഠനങ്ങളിലെ കണക്കും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിലയിരുത്തിയിട്ടുണ്ടോ; | ബി) | സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നൽകുന്ന മെമ്മോറാണ്ടത്തിൽ കേന്ദ്ര ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം അംഗീകൃതമായ മേഖലകളിലുള്ള നാശനഷ്ടം മാത്രമാണ് ആവശ്യപ്പെടുന്നത്. ലോക ബാങ്ക് സംഘം അവലോകനം ചെയ്ത മേഖലകളെക്കാൾ കൂടുതൽ മേഖലകൾ ഐക്യരാഷ്ട്രസഭ സംഘം പരിശോധിക്കുകയും നിലവിലെ മാർക്കറ്റ് റേറ്റ് അനുസരിച്ചാണ് നാശനഷ്ട വിലയിരുത്തിയിരിക്കുന്നത്. |
| സി) | പ്രളയം കഴിഞ്ഞ് മൂന്നുമാസം പിന്നിട്ടിട്ടും നാശനഷ്ടങ്ങളുടെ യഥാർത്ഥ കണക്ക് തിട്ടപ്പെടുത്താൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | സി) & ഡി) | ലോകത്താകമാനം ദുരന്ത നാശനഷ്ടങ്ങളുടെ യഥാർത്ഥ കണക്ക് നിർണയിക്കുന്നതിന് ഐക്യരാഷ്ട്രസഭ അംഗീകരിച്ചിട്ടുള്ള ചട്ടക്കൂടാണ് പോസ്റ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അസ്സസ്മെന്റ്. ഇന്ത്യയിൽ ആദ്യമായാണ് ഈ ചട്ടക്കൂട് ഉപയോഗിച്ച് പൂർണമായ വിലയിരുത്തൽ നടത്തിയത്. ആയത് പ്രകാരമുള്ള കണക്ക് ലഭ്യമാണ്. |
| ഡി) | നാശനഷ്ടങ്ങളുടെ യഥാർത്ഥ കണക്ക് തിട്ടപ്പെടുത്താൻ സാധിക്കാത്തത് പുനരധിവാസ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ ? | | |

സെക്ഷൻ ഓഫീസർ